പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 5524

01.07.2019 - ൽ മറുപടിക്ക്

**ആലത്തൂരിലെ കെയർഹോം പദ്ധതി**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ.ഡി. പ്രസേനൻ | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദ സഞ്ചാരവും<br>ദേവസ്വവും വകുപ്പുമന്ത്രി) | |
| എ) | കെയർഹോം പദ്ധതി പ്രകാരം ആലത്തൂർ നിയോജകമണ്ഡലത്തിൽ എത്ര വീടുകൾ നിർമ്മിച്ച നൽകിയിട്ടുണ്ടെന്നും അവ ആർക്കെല്ലാമാണ് നൽകിയതെന്നും വ്യക്തമാക്കുമോ; | എ) | കെയർ ഹോം പദ്ധതി പ്രകാരം ആലത്തൂർ നിയോജക മണ്ഡലത്തിൽ മൂന്ന് വീട്ടുകളാണ് നിർമ്മിച്ച നൽകിയത്.<br>1) ശ്രീമതി.പൊന്നു മാടമ്പാറ, കുനിശ്ശേരി<br>2) ശ്രീ.സജീവ്, പുള്ളോട് വീട്, പന്തലാംകോട്<br>3) ശ്രീമതി.രാജമ്മ, വടക്കേവീട്, കുന്നംകാട്, കിഴക്കഞ്ചേരി |
| ബി) | പ്രസ്തുത പദ്ധതി പ്രകാരം ആലത്തൂർ നിയോജകമണ്ഡലത്തിൽ നിർമ്മാണത്തിലിരിക്കുന്ന വീടുകളുടെ എണ്ണവും അവ ആർക്കെല്ലാമാണ് നൽകുന്നതെന്നും വിശദമാക്കാമോ; | ബി) | പ്രസ്തുത പദ്ധതി പ്രകാരം ആലത്തൂർ നിയോജകമണ്ഡലത്തിൽ നിർമ്മാണത്തിലിരിക്കുന്ന വീടുകളില്ല. പദ്ധതി പ്രകാരം അനുവദിച്ച 3 വീടുകളുടെയും നിർമ്മാണം പൂർത്തീകരിച്ച് ഗുണഭോക്താക്കൾക്ക് കൈമാറിയിട്ടുണ്ട്. |
| സി) | വീട് നിർമ്മിച്ച് നൽകുന്നതിന് തയ്യാറായ സഹകരണ സ്ഥാപനങ്ങൾ ഏതെല്ലാമാണെന്നും പ്രസ്തുത പദ്ധതിയ്ക്കായി ഓരോ സ്ഥാപനവും ചെലവഴിച്ച തുകയും വിശദമാക്കാമോ? | സി) | ആലത്തൂർ നിയോജക മണ്ഡലത്തിൽ ചുവടെ പേര് ചേർത്തിട്ടുള്ള സഹകരണ സ്ഥാപനങ്ങളാണ് വീട് നിർമ്മിച്ച നൽകുന്നതിന് മേൽ നോട്ടം വഹിച്ചിട്ടുള്ളത്.<br>1) ആലത്തൂർ പ്രാഥമിക സഹകരണ കാർഷിക ഗ്രാമവികസന ബാങ്ക്<br>2) ആലത്തൂർ സേവന സഹകരണ ബാങ്ക്<br>3) കിഴക്കഞ്ചേരി സേവന സഹകരണ ബാങ്ക്.<br>കെയർ ഹോം പദ്ധതി പ്രകാരം ഓരോ വീടിനും സഹകരണ വകുപ്പ് അനുവദിച്ച 4 ലക്ഷം രൂപയും സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും അനുവദിച്ച 95100/- രൂപയും ചേർത്ത് ആകെ തുകയായ 495100/- രൂപയ്ക്ക് പുറമെ ആലത്തൂർ പ്രാഥമിക സഹകരണ കാർഷിക ഗ്രാമവികസന ബാങ്ക് 13850/- രൂപയും കിഴക്കഞ്ചേരി സേവന സഹകരണ ബാങ്ക് 25000/- രൂപയും ഈ പദ്ധതി പ്രകാരം വീട് നിർമ്മിച്ച് നൽകുന്നതിന് സംഭാവനയായി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

d